# ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

(ഡയറ്റ് ) ആലപ്പുഴ @ ചെങ്ങന്നൂർ



# സരളം 2021

## U. S. S പഠന സഹായി

# DISTRICT INSTITUTE OF EDUCATION & TRAINING (DIET) ALAPPUZHA @ CHEGANNOOR

## “സരളം 2021“

## യു.എസ്സ്.എസ്സ്. പഠനസഹായി

### FACULTY OF D.R.U

# മുഖമൊഴി

പ്രൈമറി തലത്തിലെ വിദ്യാലയ മികവുകൾ പരിഗണിക്കുമ്പോൾ സാധാരണ ചർച്ച ചെയ്യപ്പെടാറുള്ളതാണ് എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിലെ വിജയശതമാനം. മിക്ക വിദ്യാലയങ്ങളും മികച്ച പരീക്ഷ വിജയത്തിനുവേണ്ടി തയ്യാറെടുപ്പുകൾ നടത്തിവരുന്നുണ്ട്. ഈ വർഷം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ മോഡിൽ ആണ് കൂടുതലും അധ്യയനം നടന്നിട്ടുള്ളത് എന്ന വസ്തുത നമുക്കേ വർക്കും അറിയാവുന്നതാണ്. എൽ. എസ്. എസ് ,യു. എസ് .എസ് പരീക്ഷ ഒരു മത്സരപ്പരീക്ഷ ആകയാൽ വിഷയ സംബന്ധമായി കൂടുതൽ ആഴത്തിൽ പഠനവും പരിശീലനവും അനിവാര്യമാണ്.സ്കൂൾ മോണിറ്ററിംഗ് വേളയിൽ അധ്യാപകരും, രക്ഷിതാക്കളും ഉന്നയിച്ച ഒരു പ്രധാന ആവശ്യമായിരുന്നു യു. എസ്. എസ്. പരീക്ഷക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിൽ ഡയറ്റ് മുൻ കൈയെടുത്ത് പഠന സാമഗ്രി തയ്യാറാക്കണം എന്നത്.ജില്ലയിൽ ഏകീകൃത സ്വഭാവത്തോടേ തയ്യാറാക്കുന്ന മെറ്റീരിയൽ ഉപയോഗിച്ച് പരിശീലനം നടത്തിയാൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടാൻ കഴിയും എന്നതായിരുന്നു ആവശ്യത്തിന് പിന്നിലെ വസ്തുത.

ഇക്കാര്യം ആദ്യം ഡയറ്റ് സജീവമായി ചർച്ച ചെയ്യുകയും ഡിസ്ട്രിക് റിസോഴ്സ് യൂണിറ്റ് ന്റെ (ഡി. ആർ.യു) നേതൃത്വത്തിൽ പഠനസാമഗ്രിയുടെ നിർമാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിനായി വിവിധ വിഷയങ്ങളിൽ വിദഗ്ധരായ അധ്യാപകരുടെ പാനൽ തയ്യാറാക്കിപാഠപുസ്തകം,അധ്യാപകസഹായിഎന്നിവയുടെ സഹായത്തോടെ യു.എസ്.എസ് പരീക്ഷ 2021 – മാർഗനിർദേശ പ്രകാരം ഒക്ടോബർ 31 വരെ പൂർത്തീകരിക്കേണ്ട ഏഴാം ക്ലാസിലെ യൂണിറ്റുകൾ അപഗ്രഥിച്ച് റഫറൻസ് സാമഗ്രികൾ കൂടി പ്രയോജനപ്പെടുത്തി ചോദ്യശേഖരം തയ്യാറാക്കി . ഓരോ വിഷയത്തിനും 100 മൾട്ടിപ്പിൾ ചോയിസ്ചോദ്യങ്ങൾ വീതം ആകെ 600 ചോദ്യങ്ങൾ ഉൾപ്പെടുന്ന ശേഖരമാണിത്. ഓരോ വിഷയത്തിലും 20 ചോദ്യങ്ങൾ വീതമുള്ള 5 സെറ്റ് ചോദ്യങ്ങളും ഓരോ സെറ്റ് ചോദ്യങ്ങളുടെയുംതുടർ ച്ചയായി ഉത്തര സൂചികയും നൽകിയിട്ടുണ്ട്. ഉത്തര സൂചികയ്ക്കൊപ്പം ആവശ്യമായ യിടങ്ങളിൽ ലഘു വിശദീകരണവും നൽകിയിട്ടുണ്ട്. എഡിറ്റിംഗ് പൂർത്തിയാക്കി **“സരളം – 2021”** എന്ന പേരിൽ പഠന സാമഗ്രിയുടെ സോഫ്റ്റ് കോപ്പി വിദ്യാലയങ്ങളിൽ വിതരണത്തിനായി തയ്യാറായിരിക്കുന്നു.

പഠന സാമഗ്രി 'സരളം –2021' തയ്യാറാക്കുന്നതിന് വിദഗ്ധോപദേശം നൽകിയ ഡയറ്റ് പ്രിൻസിപ്പൽ , ഡയറ്റ് ഫാക്കൽറ്റിയംഗങ്ങൾ, അധ്യാപക സുഹൃത്തുക്കൾ, ട്രെയിനർമാർ എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം വിദ്യാലയങ്ങളിൽ പഠനസാമഗ്രി യുടെ ഫലപ്രദമായ വിനിമയത്തിന് ആത്മാർഥമായി പരിശ്രമിക്കുവാൻ മുഴുവൻ അധ്യാപക സുഹൃത്തുക്കളോടും

അഭ്യർത്ഥിക്കുന്നു. വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികൾക്കു വേണ്ടി ഉചിതമായ പഠനരീതി പ്രയോജനപ്പെടുത്താനും ശ്രദ്ധിക്കുമല്ലോ.

മിനി ബഞ്ചമിൻ
പ്രിൻസിപ്പൽ ഇൻ ചാർജ്
ഡയറ്റ് ആലപ്പുഴ

ഫാക്കൽറ്റി ഓഫ് ഡിസ്ട്രിക്ട് റിസോഴ്സ് യൂണിറ്റ്
(ഡി.ആർ.യു)
കുമാരി മിനി V.P
(സീനിയർ ലക്ചറർ)
ലക്ഷ്മി.M
(ലക്ചറർ)
ഡയറ്റ് ആലപ്പുഴ

# ശില്പശാലയിൽ പങ്കെടുത്തവർ

## ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ

- മിനി ബഞ്ചമിൻ, പ്രിൻസിപ്പൽ ഇൻ ചാർജ്
- N.ശ്രീകുമാർ, സീനിയർ ലക്ചറർ
- M.അജയകുമാർ, സീനിയർ ലക്ചറർ
- Dr. K. J. ബിന്ദു, സീനിയർ ലക്ചറർ
- കുമാരി മിനി. V. P, സീനിയർ ലക്ചറർ
- Dr.മണക്കാല ഗോപാലകൃഷ്ണൻ, ലക്ചറർ
- K.G.വിജയ ബാബു , ലക്ചറർ
- വിധു മോൾ.V. S ലക്ചറർ
- ഡോ.മുരാരി ശംഭു, ലക്ചറർ
- K. J ജയകുമാര പണിക്കർ, ലക്ചറർ
- സുശീലൻ.K, ലക്ചറർ
- ലക്ഷ്മി. എം , ലക്ചറർ

## അധ്യാപകർ

1. D.തുളസീദാസ് , BRCT, BRC മാവേലിക്കര
2. ജയലക്ഷ്മി T.P. VHS നടുവട്ടം
3. ഷഹാന.A, G. U.P.Sകൃഷ്ണപുരം
4. ശ്രീലത. P.R, 'G.V.H.S.S ചെങ്ങന്നൂർ
5. നദീറ. S.D.V.U P.Sനീർക്കുന്നം
6. ശ്രീകല S.(പ്രഥമാധ്യാപിക) G. U.P. Sഎണ്ണയ്ക്കാട്
7. രേഖ. വി.നായർ, U. P. S മണ്ണാറശ്ശാല
8. ശ്രീജ. C.K U.PS.മണ്ണാറശ്ശാല
9. ജിനി. Kജോൺ, M.P.U.P.S പുത്തൻകാവ്
10. പാർവ്വതി M, M.S.M .U.P. S, കായംകുളം
11. ഗീത G. G. M. H. S. S അമ്പലപ്പുഴ
12. ഹബീബ് റഹ്മാൻ. T.M, GHSS മംഗലം
13. രാജേഷ്. R. T.S.S. G UP S. തകഴി
14. അന്നമ്മ വർഗീസ്, G UP S, ചെങ്ങന്നൂർ
15. ശ്രീരഞ്ജിനി .S V.H.S.S.ചത്തിയറ
16. ബിജു . T.P, KKMGVHSS ഇലിപ്പ കുളം
17. മനോജ് കുമാർ. M, UP S, ഇലിപ്പകുളം
18. സിബി ജോൺസൻ , GUP S വഴുതാനം
19. ഉമാറാണി. K.N, (പ്രഥമാധ്യാപിക) G.J. B.S, കീഴ്ച്ചേരിമേൽ
20. ഗംഗാദേവി. N.S.S GHS പുള്ളിക്കണക്ക്
21. സുമാ ദേവി. C.S,(പ്രഥമാധ്യാപിക) G. J.B.S മംഗലം

കവർ പേജ് ഡിസൈനിങ്ങ് : ഐസക് ഡാനിയൽ, B.H.H.S.S മാവേലിക്കര

# ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | മലയാളം (കേരള പാഠാവലി AT) | 7 –37 |
| 2 | മലയാളം (അടിസ്ഥാന പാഠാവലി BT) | 38 70 |
| 3 | ഇംഗ്ലീഷ് | 71 114 |
| 4 | അടിസ്ഥാന ശാസ്ത്രം | 115 –149 |
| 5 | സാമൂഹിക ശാസ്ത്രം | 150 – 189 |
| 6 | ഗണിതം | 190 –219 |

# മലയാളം (കേരള പാഠാവലി AT)

## SET I

1. മഹാകാവ്യം എഴുതാതെ മഹാകവി ആയത് ആരാണ്?

A. ഉള്ളൂർ

B. വള്ളത്തോൾ

C. കുമാരനാശാൻ

D. ഓ.എൻ. വി.കുറുപ്പ്

2. രാഷ്ട്രത്തെ സംബന്ധിക്കുന്നത്

A. രാഷ്ട്രം

B. രാഷ്ട്രീയം

C. രാഷ്ട്രപരം

D. രാഷ്ട്രപതി

3.മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച വർഷം

A. 2012

B. 2009

C. 2013

D. 2015

4. കൂട്ടത്തിൽ പെടാത്തത് കണ്ടെത്തി എഴുതുക?

A. അംബരം

B. വാരിധി

C. അംബുധി

D. സാഗരം

5. "പ്രഭാതം ഇരുൾ തൊപ്പി പൊക്കി പതുക്കെ ചിരിക്കാൻ ശ്രമിക്കുന്നു,ഇവിടെ ഇരുൾത്തൊപ്പി എന്ന വാക്ക് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

A. ഇരുട്ട്

B. സൂര്യൻ

C. പ്രഭാതം

D. ഇരുട്ടിന്റെ മറ

6. ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി

ഒരു തൈ നടാം കൊച്ചു മക്കൾക്കു വേണ്ടി "

ആരുടെ വരികളാണിത്?

A. സുഗതകുമാരി

B. അയ്യപ്പപ്പണിക്കർ

C. ബാലാമണിയമ്മ

D. കുഞ്ഞുണ്ണി മാഷ്

7. മാനം എന്ന പദത്തിന്റെ അർത്ഥം അല്ലാത്തത്

A. ആകാശം

B. അഭിമാനം

C. മനസ്സ്

D. അളവ്

8. വിൺ + തലം ചേർത്ത് എഴുതിയാൽ

A. വിൺതലം

B. വിണ്ണലം

C. വിണ്ടലം

D. വിണ്തലം

9. 2019 ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത് ആർക്കാണ് ?

A. ഒ.എൻവി.കുറുപ്പ്

B. അക്കിത്തംഅച്യുതൻനമ്പൂതിരി

C. തകഴി ശിവശങ്കരപിള്ള

D. എസ്.രമേശൻ നായർ

10. "നരനായും പറവയായും" എന്ന കഥ എഴുതിയത് ആര്?

A. സന്തോഷ് ഏച്ചിക്കാനം

B. രാജൻ കാക്കനാടൻ

C. സച്ചിദാനന്ദൻ

D. അയ്യപ്പപ്പണിക്കർ

11."ഒരു നിറം മാത്രമേ തന്നതുള്ളു വിധി" ആരാണ് ഇത് പറഞ്ഞത്

A. ഉറുമ്പ്

B. കണിക്കൊന്ന

C. വെള്ളാരംകല്ലുകൾ

D. പച്ചക്കിളി

12.ശരിയായ പദം എഴുതുക

A. സായാന്നം

B. സായാഹ്നം

C. സായാനം

D. സായാഹനം

13."ദുഗ്ധം" എന്നാൽ പാൽ എന്നർത്ഥം. ഈ വാക്കിൽ എത്ര അക്ഷരങ്ങളുണ്ട് ?

A. 3

B. 1

C. 4

D. 2

14. വിളമ്പിവെച്ച പ്രാതലിൽ നിന്ന് കണ്ണെടുക്കാതെ അയാൾ സ്വയം ഒന്നു ചിരിച്ചു ഇവിടെ പ്രാതൽ എന്ന പദത്തിന്റെ അർത്ഥം എന്ത്?

A. ഉച്ചഭക്ഷണം

B. പ്രഭാതഭക്ഷണം

C. അത്താഴം

D. രാത്രിഭക്ഷണം

15. സപ്ത ഭാഷജില്ല എന്ന് അറിയപ്പെടുന്നത്

A. വയനാട്

B. കണ്ണൂർ

C. കാസർഗോഡ്

D. തിരുവനന്തപുരം

16. മലയാളത്തിലെ ആദ്യ ചെറുകഥയാണ്......

A. നെല്ല്

B. കള്ളൻ

C. വാസനാവികൃതി

D. മാണിക്യൻ

17. ലോകമാതൃഭാഷാദിനം

A. ഫെബ്രുവരി 21

B. മാർച്ച് 18

C. ജൂൺ 19

D. ഫെബ്രുവരി 17

18. തന്നിരിക്കുന്നതിൽ പക്ഷി എന്ന അർത്ഥം വരുന്ന പദമേത്?

A. പികം

B. ഖഗം

C. കാകൻ

D. ഗഗനം

19 താഴെ തന്നിരിക്കുന്നവയിൽ യാത്രാവിവരണം ഏത്?

A. സിംഹഭൂമി

B. ഭാരതപര്യടനം

C. കൊഴിഞ്ഞ ഇലകൾ

D. അഗ്നിചിറകുകൾ

20. ചെറുകാടിന്റെ ആത്മകഥയുടെ പേര്

A. ആത്മകഥയ്ക്കൊരാമുഖം

B. ജീവിതപാത

C. കൊഴിഞ്ഞ ഇലകൾ

D. ഓർമ്മയുടെ അറകൾ

## ഉത്തര സൂചിക (SET I )

1. C. കുമാരനാശാൻ
2. B. രാഷ്ട്രീയം
3. C. 2013
4. A. അംബരം
5. D. ഇരുട്ടിന്റെ മറ
6. A. സുഗതകുമാരി
7. C. മനസ്സ്
8. C. വിണ്ടലം
9. B. അക്കിത്തംഅച്യുതൻനമ്പൂതിരി
10. A സന്തോഷ് ഏച്ചിക്കാനം
11. B. കണിക്കൊന്ന
12. B. സായാഹ്നം
13. D. 2
14. B. പ്രഭാതഭക്ഷണം
15. C. കാസർഗോഡ്
16. C. വാസനാവികൃതി
17. A. ഫെബ്രുവരി 21
18. B. ഖഗം
19. A.സിംഹഭ്രമി
20. A. ആത്മകഥയ്ക്കൊരാമുഖം

SET II

1. കാച്ചിക്കുറുക്കിയ കവിത എന്ന് വിശേഷിപ്പിക്കുന്നത് ആരുടെ കൃതിയാണ്?

A. പി.കുഞ്ഞിരാമൻ

B. വൈലോപ്പിള്ളിശ്രീധരമേനോൻ

C. വള്ളത്തോൾ

D. സച്ചിദാനന്ദൻ

2. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ "ഗുരുപൗർണമി" എഴുതിയത് ആര്?

A. അക്കിത്തം അച്ചുതൻനമ്പൂതിരി

B. എസ് രമേശൻ നായർ

C. പ്രഭാവർമ

D. ഏഴാച്ചേരി രാമചന്ദ്രൻ

3. മട്ടന്നൂർ ശങ്കരൻ കുട്ടി ഏത് വാദ്യകലയിലാണ് പ്രസിദ്ധനായത്

A. മദ്ദളം

B. ഇടയ്ക്ക

C. ചെണ്ട

D. തിമില

4. ചെന്താമര പിരിച്ചെഴുതിയാൽ

A. ചെം +താമര

B. ചെമ്+താമര

C. ചെ+താമര

D. ചെന്ത് + താമര

5. വീണ പൂവ് എന്ന കവിതയിലൂടെ കവി ആവിഷ്കരിക്കുന്ന ആശയം എന്താണ്?

A. വസന്തകാലം

B. മനുഷ്യജീവിതം

C. പൂക്കൾ

D. പ്രകൃതി

6. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥം ഏത്

A. മാലിദ്വീപ്

B. ഹൈമവതി ഭൂവിൽ

C. ഹിമവാന്റെ മുകൾത്തട്ടിൽ,

D. വർത്തമാനപുസ്തകം

7. ശരിയായ പദം കണ്ടെത്തുക

A. പ്രവൃത്തി

B. പ്രവർത്തി

C. പ്രവിർത്തി

D. പ്രവ്യർത്തി

8. കണിക്കൊന്നയുടെപൂ വണിയൽ കവി അവതരിപ്പിക്കുന്നത് എന്തിന്റെ പ്രതീകമായാണ്?

A. വേനൽ

B. സമൃദ്ധി

C. പൂക്കാലം

D. വിളവെട്ടുപ്പ്

9. “വലയിൽ വീണ കിളികളാണു നാം

ചിറകൊടിഞ്ഞോരിണകളാണ് നാം“

ഈ വരികൾ ആരുടേതാണ് ?

A. വയലാർരാമവർമ്മ

B. വി മധുസൂദനൻ നായർ

C. കുരീപ്പുഴശ്രീകുമാർ

D. അനിൽ പനച്ചൂരാൻ

10. മലയാളത്തിലെ ഏറ്റവും വലിയ നോവൽ ഏത്?

A. കയർ

B. അവകാശികൾ

C. രണ്ടാമൂഴം

D. മാർത്താണ്ഡവർമ്മ

11 . രാത്രിമഴ ആരുടെ കവിതയാണ്

A. സുഗതകുമാരി

B. അക്കിത്തം

C. ഓ എൻ വി കുറിപ്പ്

D. കുമാരനാശാൻ

12. മലയാളത്തിലെ സൗമ്യനായ നിരൂപകൻ ആരാണ്

A. മുണ്ടശ്ശേരി

B. പി സി കുട്ടികൃഷ്ണൻ

C. സുകുമാർ അഴീക്കോട്

D. എം.പി.പോൾ

13. "പ്രതിവർഷം" വിഗ്രഹിച്ചാൽ

A. വർഷത്തിലൊരിക്കൽ

B. വർഷംതോറും

C. വർഷത്തിന് അനുസരിച്ച്

D. വർഷത്തിൽ പ്രതി

14. "ശ്ലോകത്തിൽ കഴിക്കുക": എന്ന ശൈലിയുടെ അർത്ഥമെന്ത്?

A. ശ്ലോകം ചൊല്ലുക

B. ചുരുക്കി പറയുക

C. പരത്തി പറയുക

D. വിഷമിക്കുക

15. ആത്മകഥയ്ക്കൊരാമുഖം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

A. ആത്മകഥ

B. നിരൂപണം

C. യാത്രാവിവരണം

D. ജീവചരിത്രം

16. കൂട്ടത്തിൽ പെടാത്തത് ഏത്?

A. ഒരുക്കുക

B. ചിരിക്കുക

C. പറക്കുക

D. നീന്തുക

17.ശരിയായ പദം കണ്ടെത്തുക

A. അഥിതി

B. അതിദി

C. അദിതി

D. അതിനി

18.മാലി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ

A. മാധവൻകുട്ടി

B. മാധവൻനായർ

C. മധുസൂദനൻ നായർ

D. ഗോപാലൻ നായർ

19. "നല്ലയാളുകൾ എവിടെ ചെന്നാലും നന്നാവുമല്ലോ" ആത്മകഥയ്ക്ക് ഒരാമുഖം എന്ന പാഠഭാഗത്തുള്ള പരാമർശം ആരെക്കുറിച്ചാണ്?

A. കുമാരനാശാൻ

B. ചട്ടമ്പിസ്വാമികൾ

C. ശ്രീനാരായണഗുരു

D. ഗോപാലൻ നായർ

20." ഒരു നിമിഷം ആ കണ്ണുകൾ പ്രകാശിച്ചു, അവൾവാചാലയായി" അളകനന്ദയിലെ വെള്ളാരം കല്ലുകൾ എന്ന പാഠഭാഗത്ത് സിംല എന്ന പെൺകുട്ടി എന്തിനെക്കുറിച്ചാണ് വാചാലയായത്?

A. സഹോദരനെക്കുറിച്ച്

B. ഉരുളൻ കല്ലുകളെ കുറിച്ച്

C. ഓറഞ്ച് തോട്ടങ്ങളെ കുറിച്ച്

D. അളകനന്ദ യെക്കുറിച്ച്

## ഉത്തര സൂചിക (SET II )

1. B. വൈലോപ്പിള്ളിശ്രീധരമേനോൻ

2. B. എസ് രമേശൻ നായർ

3. C. ചെണ്ട

4. A. ചെം +താമര

5. B. മനുഷ്യജീവിതം

6. D. വർത്തമാനപുസ്തകം

7. A. പ്രവൃത്തി

8. B. സമൃദ്ധി

9. D. അനിൽ പനച്ചൂരാൻ

10. B. അവകാശികൾ

11. A. സുഗതകുമാരി

12. C. സുകുമാർ അഴീക്കോട്

13. B. വർഷംതോറും

14. C. പരത്തി പറയുക

15. A. ആത്മകഥ

16. A. ഒരുക്കുക

17. C. അദിതി

18. B. മാധവൻനായർ

19. C. ശ്രീനാരായണഗുരു

20. B. ഉരുളൻ കല്ലുകളെ കുറിച്ച്

## SET III

1. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ ഖണ്ഡകാവ്യം

   A. കരുണ

   B. ചണ്ഡാലഭിക്ഷുകി

   C. ശിഷ്യനും മകനും

   D. വീണപൂവ്

2. ലോകത്തെ സംബന്ധിച്ചത് : ലൗകികം

   വിസ്മരിക്കേണ്ടത് : ------

   A. വിസ്തൃതം

   B. വിസ്മിതം

   C. വിസ്മൃതം

   D. വിസ്മയം

3. ജ്ഞാനപീഠ പുരസ്കാരം ലഭിക്കാത്തത് താഴെകൊടുത്തിരിക്കുന്നവരിൽ ആർക്കാണ്?

   A. തകഴി ശിവശങ്കരപ്പിള്ള

   B. എം ടി വാസുദേവൻ നായർ

   C. ഉള്ളൂർ എസ്.പരമേശ്വരയ്യർ

   D. ഒ.എൻ.വി.കുറുപ്പ്

4. പ്രത്യുപകാരം പിരിച്ചെഴുതിയാൽ

A. പ്രതി + ഉപകാരം

B. പ്രത്യ + ഉപകാരം

C. പ്രത് + ഉപകാരം

D. പ്രത്ത് + ഉപകാരം

5. കേരളപാണിനി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത് ആര്?

A. കേരളവർമ്മ വലിയകോയിത്തമ്പുരാൻ

B. എൻ.കൃഷ്ണപിള്ള

C. ഏ.ആർ. രാജരാജവർമ്മ

D. കുഞ്ഞിക്കുട്ടൻതമ്പുരാൻ

6. "പച്ചക്കിളി ഇപ്പോഴും വിദൂരതയിൽ തന്നെ" ഈ പ്രസ്താവനയിലൂടെ ലളിതാംബിക അന്തർജ്ജനം സൂചിപ്പിക്കുന്നത് എന്ത്?

A. ഉയരത്തിൽ എത്താനുള്ള അഭിവാഞ്ഛ

B. ഭാവന ചിറകു വിരിച്ചു പറക്കുന്നു

C. മനുഷ്യനുണ്ടാകേണ്ട അത്യുന്നത ആദർശങ്ങൾ

D. വിദൂരതയിൽ കിളികൾ പറക്കുന്നു

7. താഴെപ്പറയുന്നവയിൽ ഹിമാലയൻ നദി അല്ലാത്തത് ഏത്?

A. സിന്ധു

B. ഗോദാവരി

C. അളകന്ദ

D. ഗംഗ

8. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ക്രമത്തിൽ അല്ലാത്തതേത്?

A. അടയ്ക്ക പെറുക്കുന്നവർ – ചന്ദ്രൻ

B. കൈയെത്താദൂരത്ത് – ശ്രീനാരായണഗുരു

C. അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ – സിംല

D. ഓർമ്മയുടെ ജാലകം– രേഖ

9. “പഞ്ചമവേദം” എന്നറിയപ്പെടുന്ന കൃതി?

A. രാമായണം

B. മഹാഭാരതം

C. കൃഷ്ണഗാഥ

D. ഭാഗവതം

10. ദേശഭക്തി എന്നാൽ

A. ദേശത്തിന്റെഭക്തി

B. ദേശത്താലുള്ള ഭക്തി

C. ദേശത്തോടുള്ള ഭക്തി

D. ദേശവുംഭക്തിയും

11.“കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി”

എന്നതിലൂടെ അർത്ഥമാക്കുന്നത് എന്ത്?

A. വേനൽക്കാലത്ത് വിശ്രമിക്കണം

B. കാലാവസ്ഥ അനുകൂലമാകുമ്പോൾ അധ്വാനിക്കണം

C. കൊന്നപൂത്താൽ ഉറങ്ങാൻ സുഖമാണ്

D. മരുത് പൂക്കുമ്പോൾ വിശ്രമ കാല കാലമാണ്

12. താഴെ കൊടുത്തിരിക്കുന്നവയിൽ കാറ്റ് എന്ന പദത്തിനു പകരം ഉപയോഗിക്കാൻ സാധിക്കാത്തത്

A. അനിലൻ

B. മാരുതൻ

C. അനലൻ

D. പവനൻ

13. നിങ്ങൾ ഇന്നെന്റെ അതിഥിയാണ് അപ്പോൾ ഞാൻ നിങ്ങളുടെ __ ആണ്

A. കൂട്ടുകാരൻ

B. വിരുന്നുകാരൻ

C. ആതിഥേയൻ

D. അതിഥി

14.ആക്ഷേപഹാസ്യത്തിലൂടെ സാമൂഹ്യ വിമർശനം നടത്തിയ കവി

A. വള്ളത്തോൾ നാരായണമേനോൻ

B. ഉള്ളൂർ. എസ്. പരമേശ്വരയ്യർ

C. രാമപുരത്ത് വാര്യർ

D. കുഞ്ചൻ നമ്പ്യാർ

15.2020 ലെ വയലാർ അവാർഡ് ലഭിച്ചത് ആർക്ക് ?

A. ഏഴാച്ചേരി രാമചന്ദ്രൻ

B. അക്കിത്തം അച്യുതൻനമ്പൂതിരി

C. പ്രഭാവർമ്മ

D. രമേശൻനായർ

16.താഴെ പറഞ്ഞിരിക്കുന്നവയിൽ ആത്മകഥ വിഭാഗത്തിൽപെട്ട കൃതി ഏത്

A. കണ്ണീരും കിനാവും

B. ഒരു ദേശത്തിന്റെ കഥ

C. അമ്പലമണി

D. ഗുരുസാഗരം

17. "ഒരു പാട്ടു പിന്നെയും പാടി നോക്കുന്നിതാ ചിറകൊടിഞ്ഞുള്ളൊരീ കാട്ടുപക്ഷി" ഇത് ആരുടെ വരികളാണ് ?

A. സുഗതകുമാരി

B. ബാലാമണിയമ്മ

C. ഒ.എൻ.വി

D. മുരുകൻ കാട്ടാക്കട

18.ലോക സാക്ഷരതാ ദിനമായിആചരിക്കുന്നത് എന്ന് ?

A. നവംബർ 21

B. സെപ്റ്റംബർ 8

C. ഒക്ടോബർ 14

D. ഫെബ്രുവരി 21

19. "കുത്തരിയുടെ മണമുള്ള തേയ്ക്കാത്ത മുറി" ഈ പ്രയോഗത്തിൽ വരുന്ന നാമവിശേഷണംകണ്ടെത്തുക

A. കുത്തരി

B. മണമുള്ള

C. തേയ്ക്കാത്ത

D. മുറി

20. താഴെ കൊടുത്തിരിക്കുന്ന വയിൽ അരി എന്നതിന്റെ അർത്ഥമായി വരുന്ന

പദം കണ്ടെത്തുക

A. ശത്രു
B. പ്രാവ്
C. മണി
D. പൂവ്

**ഉത്തര സൂചിക ( SET III)**

1. D. വീണപൂവ്

2. C. വിസ്മൃതം

3. C. ഉള്ളൂർ എസ്.പരമേശ്വരയ്യർ

4. A. പ്രതി + ഉപകാരം

5. C. A.R.രാജരാജവർമ്മ

6. C. മനുഷ്യനുണ്ടാകേണ്ട അത്യുന്നത ആദർശങ്ങൾ

7. B. ഗോദാവരി

8. D. ഓർമ്മയുടെ ജാലകം    രേഖ

9. B. മഹാഭാരതം

10. C. ദേശത്തോടുള്ള ഭക്തി

11. B. കാലാവസ്ഥ അനുകൂലമാകുമ്പോൾ അധ്വാനിക്കണം

12. C. അനലൻ

13. C. ആതിഥേയൻ

14. D. കുഞ്ചൻ നമ്പ്യാർ

15. A. ഏഴാച്ചേരി രാമചന്ദ്രൻ

16. A. കണ്ണീരും കിനാവും

17. A. സുഗതകുമാരി

18. B. സെപ്റ്റംബർ 8

19. C. തേയ്ക്കാത്ത

20. A. ശത്രു

## SET IV

1. താഴെ കൊടുത്തിരിക്കുന്നവയിൽ വയലാർ അവാർഡ് ലഭിച്ച യാത്രാവിവരണം ഏത് ?

   A. നൈൽഡയറി

   B. ഹൈമവത ഭൂവിൽ

   C. അമർനാഥ് ഗുഹയിലേക്ക്

   D. ഹിമവാന്റെ മടിത്തട്ടിൽ

2. ശ്രേഷ്ഠഭാഷാ പദവി ലഭിക്കാത്ത ഭാഷ

   A. തമിഴ്

   B. സംസ്കൃതം

   C. ഗുജറാത്തി

D. മലയാളം

3. ശരിയായ രൂപം കണ്ടെത്തുക

A. വിശ്വസ്ഥൻ

B. വിശ്വസ്തൻ

C. വിശ്വസ്ത്വൻ

D. വിശ്വസ്ത്യൻ

4. കൂട്ടത്തിൽ പെടാത്ത പദം ഏത്

A. ഇഷ്ടാനിഷ്ടം

B. സ്നേഹവാൽസല്യം

C. ജയപരാജയം

D. പല്ലവപുടം

5.ചുവടെ കൊടുത്തിരിക്കുന്നവയിൽ സമാനാർത്ഥം വരുന്ന പപദക്കൂട്ടം ഏത് ?

A. തടിനി, വാഹിനി, ആറ്

B. ചിത്തം,മനസ്സ് ,ശിരസ്സ്

C. സുമം, മലർ ദളം

D. ഏണം, ഹരിണം, മയൂരം

6.സൂചനകളിൽ നിന്ന് സാഹിത്യകാരനെ കണ്ടെത്തുക

- പാലക്കാട് ജില്ലയിൽ കുമാരപുരത്ത് ജനിച്ചു
- ഇരുപതാം നൂറ്റാണ്ടിലെ ഇതിഹാസം എന്ന പ്രസിദ്ധ കൃതി എഴുതി

- ജ്ഞാന പീഠം, പത്മശ്രീ എന്നീ പുരസ്കാരങ്ങൾ ലഭിച്ച

A. എം ടി വാസുദേവൻ നായർ

B. ഒ.വി വിജയൻ

C. അക്കിത്തം അച്യുതൻ നമ്പൂതിരി

D. ഒ.എൻ.വി കുറുപ്പ്

7. "ഉരുളക്കുപ്പേരി" എന്ന ശൈലി കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

A. നേർവിപരീതം

B. രുചികരമായ ഭക്ഷണം

C. തക്കതായ മറുപടി

D. നിഷ്ഫല വസ്തു

8.ശരിയായ ജോ ജോഡി കണ്ടെത്തുക

A. മനുഷ്യന് ഒരു ആമുഖം – സന്തോഷ് ഏച്ചിക്കാനം

B. തത്വമസി – എം.എൻ.കാരശ്ശേരി

C. ഇസങ്ങൾക്കപ്പുറം–വി.കെ.എൻ

D. അഗ്നിസാക്ഷി – ലളിതാംബിക അന്തർജ്ജനം

9."കഥാനായകൻ" എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം

A. കഥയിലെ നായകൻ

B. കഥയുടെ നായകൻ

C. കഥ പറയുന്ന നായകൻ

D. കഥയും നായകനും

10.കഥകളിയിലെ സ്ത്രീ വേഷം

A. താടി

B. കത്തി

C. മിനുക്ക്

D. കരി

11. “വെളിച്ചം ദുഃഖമാണുണ്ണീ

തമസ്സല്ലോ സുഖപ്രദം” പ്രശസ്തമായ ഈ കാവ്യഭാഗം ആരുടെ കൃതി യിൽ ഉൾപ്പെട്ടതാണ്?

A. ഒ.എ.ൻ.വി കുറുപ്പ്

B. വയലാർ രാമവർമ്മ

C. പി.ഭാസ്കരൻ

D. അക്കിത്തംഅച്യുതൻനമ്പൂതിരി

12. താഴെപ്പറയുന്നവയിൽ ആശാന്റെ ഖണ്ഡകാവ്യമല്ലാത്ത കൃതിഏത്?

A. പിംഗള

B. കരുണ

C. ലീല

D. ദുഃരവസ്ഥ

13. “ആൽത്തറയിലെവെള്ളം വറ്റുമ്പോൾ പൂവാലൻ പക്ഷിക്ക് മരണം“ ഈ കടംകഥയ്ക്ക് അനുയോജ്യമായ ഉത്തരം താഴെപ്പറയുന്നവയിൽ ഏതാണ്?

A. ആകാശം

B. സൂര്യൻ

C. നിലവിളക്ക്

D. ചന്ദ്രൻ

14.തെറ്റായി പിരിച്ചെഴുതിയ പദം ഏതാണ് ?

A. മഹ+ ഉത്സവം = മഹോത്സവം

B. വിശ്വ + ഉത്തരം = വിശ്വോത്തരം

C. തിരു + ഓണം = തിരുവോണം

D. പന + ഓല = പനയോല

15. സഞ്ജയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ?

A. പി കുഞ്ഞിരാമൻ നായർ

B. പി സി കുട്ടികൃഷ്ണൻ

C. എംകെ മേനോൻ

D. എം ആർ നായർ

16. എസ് .കെ. പൊറ്റക്കാടിന് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്ത കൃതി?

A. അഗ്നിസാക്ഷി

B. ബാലിദീപ്

C. ഒരു സങ്കീർത്തനം പോലെ

D. ഒരു ദേശത്തിന്റെ കഥ

17. വീണപൂവ്ഏത് സാഹിത്യ വിഭാഗത്തിൽഉൾപ്പെടുന്ന കൃതിയാണ്?

A. ചെറുകഥ

B. ആത്മകഥ

C. ഖണ്ഡകാവ്യം

D. നോവൽ

18. "അജന്ത എന്ന കവിതയിൽ ആ പുഞ്ചിരിയാണ് ഞാൻ ആവിഷ്കരിക്കാൻ ശ്രമിച്ചത്" എന്ന് ആർ.രാമചന്ദ്രൻ പറഞ്ഞിരിക്കുന്നു. ആരുടെ പുഞ്ചിരി?

A. ബുദ്ധൻ

B. സിംഹ

C. ഭിക്ഷു

D. ലേഖകൻ

19.'പഞ്ചായത്ത് 'എന്ന പദം ഏത് ഭാഷയിലേതാണ്

A. ഹിന്ദി

B. ഉറുദു

C. മലയാളം

D. തെലുങ്ക്

20. “അതിരില്ലാത്ത” എന്നതിന്റെ ഒറ്റ പദം താഴെ നൽകിയിരിക്കുന്നവയിൽ ഏതാണ് ?

A. സീമം

B. നിരാമയം

C. നിദാനം

D. നിസ്സീമം

**ഉത്തര സൂചിക (SER IV)**

1. B. ഹൈമവത ഭൂവിൽ
2. C. ഗുജറാത്തി
3. B. വിശ്വസ്തൻ
4. D. പല്ലവപുടം
5. A. തടിനി, വാഹിനി, ആറ്
6. C. അക്കിത്തം അച്യുതൻ നമ്പൂതിരി
7. C. തക്കതായ മറുപടി
8. D. അഗ്നിസാക്ഷി – ലളിതാംബിക അന്തർജ്ജനം
9. A. കഥയിലെ നായകൻ
10. C. മിന്നുക്ക്
11. D. അക്കിത്തംഅച്യുതൻനമ്പൂതിരി
12. A. പിംഗള
13. C. നിലവിളക്ക്
14. A. മഹ+ ഉത്സവം = മഹോത്സവം
15. D. എം ആർ നായർ
16. D. ഒരു ദേശത്തിന്റെ കഥ
17. C. ഖണ്ഡകാവ്യം
18. A. ബുദ്ധൻ

19. D. ഹിന്ദി

20. D. നിസ്സീമം

## SET V

1. കണ്ണിൽ പൊടിയിടുക എന്ന ശൈലിയുടെ ശരിയായ അർത്ഥം തിരഞ്ഞെടുക്കുക

A. രക്ഷപ്പെടുക
B. കണ്ണിൽ പൊടി വാരിയിടുക
C. കബളിപ്പിക്കുക
D. ബുദ്ധി നശിപ്പിക്കുക

2. ആധുനിക മലയാള വ്യാകരണത്തിന് അടിത്തറയിട്ടത് ആര്?

A. ആർ.നാരായണപ്പണിക്കർ
B. എഴുത്തച്ഛൻ
C. എ.ആർ.രാജരാജവർമ്മ
D. ശ്രീകണ്ഠേശ്വരം

3.ചുവടെ കൊടുത്തിരിക്കുന്ന പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തിരഞ്ഞെടുക്കുക

അർത്ഥം–അർദ്ധം

A. പകുതി – ധനം
B. ധനം– പകുതി
C. പണം – സമ്പത്ത്
D. സമ്പത്ത് – പണം

4. അടിയിൽ വരയിട്ട പദത്തിന്റെ അർത്ഥം തെരഞ്ഞെടുക്കുക

<u>അനിയന്ത്രിതമായ</u> അഗ്നി ആ കാടിനെ ക്ഷണനേരംകൊണ്ട് ചാമ്പലാക്കി

A. ശക്തമായ
B. നിയന്ത്രിക്കാനാവാത്ത
C. ആളിപ്പടർന്ന
D. അസഹനീയമായ

5.ഒന്നാമനായി കണക്കാക്കപ്പെട്ടയാൾ എന്ന വാക്കിന്റെ ഒറ്റ പദം എഴുതുക

A. പ്രഥമൻ
B. നേതാവ്
C. പ്രഥമഗണനീയൻ
D. അഗ്രഗണ്യൻ

6. മഞ്ഞക്കിളി വിഗ്രഹിച്ചെഴുതിയാൽ

A. മഞ്ഞയായ കിളി
B. മഞ്ഞയും കിളിയും
C. മഞ്ഞ പോലുള്ള കിളി
D. മഞ്ഞ നിറമുള്ള കിളി

7.ശരിയായ വാക്ക് തിരഞ്ഞെടുക്കുക

A. യാദൃശികം
B. യാദൃച്ഛികം
C. യാദൃശ്ചികം
D. യാതൃച്ഛികം

8. “ലോകത്തിലെ ഏതൊന്നിനും ചില നിയോഗങ്ങൾ ഉണ്ട് അതിൽ നിന്നും നമുക്ക് ഒഴിഞ്ഞുമാറാനാവില്ല’ എന്ന തിരിച്ചറിവിലേക്ക് നമ്മെ നയിക്കുന്ന കവിതയാണ്

A. വീണ പൂവ്
B. പൂക്കാതിരിക്കാനെനിക്കാവതില്ല

C. കൊച്ചനുജൻ
D. വെള്ളപ്പൊക്കം

9. "മൃഗീയ വാസനകൾ ധാരാളം ഉള്ളവരായിരുന്ന രാക്ഷസന്മാർ" എന്ന വാക്യത്തിൽ അടിവരയിട്ട പദത്തിന്റെ അർത്ഥം കണ്ടെത്തുക

A. മൃഗത്തെ പോലെയുള്ള രൂപം
B. മൃഗത്തിന്റെ പോലുള്ള പെരുമാറ്റം
C. മൃഗത്തെപ്പോലെ അധ:പ്പതിച്ച
D. മൃഗമായി തീർന്ന അവസ്ഥ

10. ശരിയായി പ്രയോഗിച്ചിട്ടുള്ള വാക്യമേത്

A. അച്ഛൻ മരിച്ച മൂന്നു ദിവസം കഴിഞ്ഞാണ് മകൻ എത്തിയത്
B. അച്ഛൻ മരിച്ച മൂന്നു ദിവസം കഴിഞ്ഞശേഷമാണ് മകൻ സ്ഥലത്തെത്തിയത്
C. അച്ഛൻ മരിച്ച മൂന്നു ദിവസം കഴിഞ്ഞശേഷമാണ് മകൻ എത്തിയത്
D. അച്ഛൻ മരിച്ചതിനുശേഷം മൂന്നാം ദിവസം കഴിഞ്ഞശേഷമാണ് മകൻ എത്തിയത്

11. ശരിയായ പദം എടുത്തെഴുതുക "നെന്മണി"

A. നെല് + മണി
B. നെല്ല് + മണി
C. നെൽ+ മണി
D. നെ ൺ+ മണി

12. താഴെ കൊടുത്തിരിക്കുന്നവയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലിൽപെടാത്തത് ഏത്?

A. ബാല്യകാല സഖി
B. ശബ്ദങ്ങൾ
C. നാലുകെട്ട്

D. പാത്തുമ്മയുടെ ആട്

13. തെറ്റായ ജോഡി കണ്ടെത്തുക

A. കാക്കനാടൻ –ജോർജ് വർഗീസ്
B. കോവിലൻ – പി.വി.അയ്യപ്പൻ
C. ഉറൂബ്–പി.സച്ചിദാനന്ദൻ
D. അക്കിത്തം – അച്യുതൻനമ്പൂതിരി

14.കേരളത്തിലെ ഏത് വിദ്യാഭ്യാസ മന്ത്രിയുടെ ആത്മകഥയാണ് കൊഴിഞ്ഞ ഇലകൾ

A. സി.രവീന്ദ്രനാഥ്
B. ജോസഫ് മുണ്ടശ്ശേരി
C. വി.ടി. ഭട്ടതിരിപ്പാട്
D. തിക്കോടിയൻ

15."കേരളമെന്നു കേട്ടാലോ തിളക്കണം ചോര നമുക്കു ഞരമ്പുകളിൽ" എന്ന്

എഴുതിയ മലയാള കവി

A. ഉള്ളൂർ
B. കുമാരനാശാൻ
C. വള്ളത്തോൾ
D. അക്കിത്തം

16. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവൽ

A. കുന്ദലത
B. കണ്ണീരും കിനാവും
C. ഊഞ്ഞാൽ
D. ഇന്ദുലേഖ

17. “അനേകംമതിൽക്കെട്ട് അതിനകത്തൊരു വെള്ളിവടി “

ഈ കടങ്കഥയ്ക്ക് അനുയോജ്യമായ ഉത്തരം താഴെപ്പറയുന്നവയിൽ നിന്ന് കണ്ടെത്തുക?

A. തേങ്ങ
B. കരിമ്പ്
C. പാക്ക്
D. വാഴപ്പിണ്ടി

18. 2020 ലെ എഴുത്തച്ഛൻ അവാർഡ് ലഭിച്ചത് ആർക്ക് ?

A. ഏഴാച്ചേരി രാമചന്ദ്രൻ
B. വിഷ്ണുനാരായണൻ നമ്പൂതിരി
C. സുഗതകുമാരി
D. പോൾ സക്കറിയ

19. കരി എന്ന പദത്തിന്റെ നാനാർത്ഥം ആയി ഉൾപ്പെടുത്താൻ സാധിക്കാത്ത പദം താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് കണ്ടെത്തുക

A. കരിക്കട്ട
B. കലപ്പ
C. ആന
D. കുരങ്ങ്

20. ആഗതം എന്ന പദത്തിന്റെ വിപരീതം

A. വിഗതം
B. അനാഗതം
C. സുഗതം
D. ഗതം

## ഉത്തര സൂചിക ( SET V )

1. C.കബളിപ്പിക്കുക

2. C. എ.ആർ.രാജരാജവർമ്മ

3. B.ധനം പകുതി

4. B.നിയന്ത്രിക്കാനാവാത്ത

5. C.പ്രഥമഗണനീയൻ

6. D.മഞ്ഞ നിറമുള്ള കിളി

7. C.യാദൃശ്ചികം

8. B. പൂക്കാതിരിക്കാനെനിക്കാവതില്ലേ

9. A. മൃഗത്തിന്റെ പോലുള്ള പെരുമാറ്റം

10. A. അച്ഛൻ മരിച്ച് മൂന്ന ദിവസം കഴിഞ്ഞാണ് മകൻ എത്തിയത്

11 .C.നെൽ + മണി

12. C.നാലുകെട്ട്

13. C. ഉറൂബ്–പി. സച്ചിദാനന്ദൻ

14. B. ജോസഫ് മുണ്ടശ്ശേരി

15 .C.വള്ളത്തോൾ

16. D.ഇന്ദുലേഖ

17 .D.വാഴപ്പിണ്ടി

18. D. പോൾ  സക്കറിയ

19. D. കുരങ്ങ്

20 .B. അനാഗതം

# മലയാളം (അടിസ്ഥാന പാഠാവലി – BT)

## SET 1

1. 'നജീബ്' എന്ന കേന്ദ്ര കഥാപാത്രം ഏതു നോവലിലാണ് ?

A ആരാച്ചാർ

B ആടുജീവിതം

C ഖസാക്കിന്റെ ഇതിഹാസം

D മതിലുകൾ

2. “പാമ്പുകൾക്ക് മാളമുണ്ട്

പറവകൾക്കാകാശമുണ്ട്” എന്ന ഗാനം ഏതു നാടകത്തിലേതാണ്?

A. പാട്ടബാക്കി

B. സാകേതം

C. അശ്വമേധം

D. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി

3. “അനവസരത്തിൽ ആഡംബരം കാണിക്കുന്ന” എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ശൈലി താഴെ പറയുന്നവയിൽ ഏത് ?

A. തലമറന്ന് എണ്ണ തേക്കുക

B. അർദ്ധരാത്രിക്ക് കുടപിടിക്കുക

C. ഉർവശി ചമയുക

D. നക്ഷത്രം എണ്ണുക

4. താഴെ പറയുന്നവയിൽ ശരിയായ വാക്യം ഏത്?

A. അവൻ പതിവായി എന്നും ക്ലാസിൽ വൈകിയാണ് വരുന്നത്.
B. എന്നെ അച്ഛനാണ് മലയാളം പഠിപ്പിച്ചത്.
C. മഴ പെയ്ത കാരണം കൊണ്ടു കൃഷി നശിച്ചു
D. പരീക്ഷയിൽ ജയിക്കാൻ കുറഞ്ഞത് 20 മാർക്ക് എങ്കിലും വേണം.

5. വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതരേഖയിൽ ജനനമരണ സൂചന നൽകുന്ന ശീർഷകം ആയി എഴുതാവുന്നത്

A. വൈക്കം മുഹമ്മദ് ബഷീർ (1906–1994)
B. വൈക്കം മുഹമ്മദ് ബഷീർ (1910 – 1996)
C. വൈക്കം മുഹമ്മദ് ബഷീർ (1909 – 1987)
D. വൈക്കം മുഹമ്മദ് ബഷീർ (1908–1994)

6. എഴുത്തിന് ആശയ വ്യക്തതയും കൃത്യതയും കൈവരുന്നതിന് ചിഹ്നം സഹായിക്കുന്നു. തന്നിട്ടുള്ളവയിൽ ' രോധിനി ' ( അർദ്ധവിരാമം) ചേർത്തിട്ടുള്ള വാക്യമേത്?

A. എന്തു തേജസ്സായിരുന്നു
B. അവർ പറയുന്നതു കേട്ടാൽ എന്താണു കുഴപ്പം ?
C. ദേശക്കാർ മുഴുവനും അരങ്ങിനു മുന്നിൽ ഒത്തുകൂടും .
D. കഥകളി എന്നു കേൾക്കുമ്പോൾ മറുനാട്ടുകാർക്ക് മറ്റൊരു നാടുമല്ല ഓർമ്മയിൽ വരിക; കേരളം മാത്രമാണ്

7. വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുകഥകൾ ഉൾപ്പെടുന്ന കൂട്ടം ഏത്?

A. ശിങ്കിടിമുങ്കൻ, മരണത്തിന്റെ നിഴലിൽ , വിശ്വവിഖ്യാതതമായ മൂക്ക്
B. ദേവീ ഗ്രാമം, ദൈവം സ്വർഗ്ഗത്തിൽ, വേതാള കഥകൾ
C. ഇന്ത്യ എന്ന വികാരം, മുഖമെവിടെ, ഉത്തരായണ
D. സർപ്പയജ്ഞം , ആവേ മരിയ, മോഹമഞ്ഞ

8. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ !

മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ

മാതാവിൻ വാത്സല്യ ദുഗ്ധം നുകർന്നാലേ

പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ "

ഇവ ആരുടെ വരികളാണ് ?

A. പി.കുഞ്ഞിരാമൻ നായർ
B. വള്ളത്തോൾ നാരായണമേനോൻ
C. കുമാരനാശാൻ
D. ഇടശ്ശേരി ഗോവിന്ദൻ നായർ

9. താഴെ നല്കിയിരിക്കുന്നവയിൽയിൽ എസ് .കെ .പൊറ്റക്കാടിന്റെ സഞ്ചാര

സാഹിത്യകൃതികളിൽ പെടാത്തത് ഏത്?

A. കാപ്പിരികളുടെ നാട്ടിൽ
B. ആഫ്രിക്കൻ ഡയറി
C. ഹൈമവതഭൂവിൽ
D. നൈൽഡയറി

10. കാറ്റു വീശുകയും മഴ പെയ്യുകയും ചെയ്തു.ഈ വാക്യം ഏത് വിഭാഗത്തിൽ പെടുന്നു ?

A. മഹാവാക്യം
B. സങ്കീർണ്ണ വാക്യം
C. കേവല വാക്യം
D. അംഗി വാക്യം

11.താഴെ കൊടുത്തിരിക്കുന്ന സൂചനകളിൽ പോസ്റ്റർ എന്ന വ്യവഹാര രൂപത്തിന്റെ സവിശേഷത അല്ലാത്തത് ഏത് ?

A. ഒറ്റനോട്ടത്തിൽ പ്രധാന ആശയം മനസ്സിൽ പതിയണം

B. സന്ദേശ വാക്യങ്ങൾ ആകർഷമാകണം
C. കുറഞ്ഞത് ഒരുഖണ്ഡിക എങ്കിലും വേണം
D. പുതുമ വരുത്താൻ ശ്രമിക്കണം

12. “മടിയിലിരുത്തീട്ട് മാറോട്ടു ചേർത്തിട്ട്

മണി മണി പോലെ കഥ പറയും

ആനേടെ , മയിലിന്റെ , ഒട്ടകത്തിന്റേയും

ആരും കേൾക്കാത്ത കഥ പറയും"

ഈ വരികൾ ഏതു കവിതയിലേത് ആണ്?

A. കൊച്ചനുജൻ
B. കുഞ്ഞേടത്തി
C. കൊച്ചു കൊമ്പൻ
D. മുത്തശ്ശി

13. 2019 ൽ അന്തർദേശീയ ചലച്ചിത്രോത്സവത്തിൽ സുവർണ ചകോരം ലഭിച്ച സിനിമ ഏത്?

A. ദേ സേ നതിങ്ങ് സ്റ്റെയ്സ് ദ് സെയിം
B. ടർട്ടിൽസ് കാൻ ഫ്ലൈ
C. കാമിൻ
D. പനി

14. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2020 ലെ ബാലസാഹിത്യ പുരസ്കാരത്തിന് നോവൽ വിഭാഗത്തിൽ അർഹത നേടിയ നോവലാണ് 'ഹൈറേഞ്ച് തീവണ്ടി'. ഇതിന്റെ രചയിതാവ് ആര്?

A. സന്ധ്യ .ആർ
B. ഇ .എൻ. ഷീജ
C. മൈന ഉമൈബാൻ
D. കെ.ആർ.മീര

15. കർണ്ണനെ കേന്ദ്ര കഥാപാത്രമാക്കി പി കെ ബാലകൃഷ്ണൻ എഴുതിയ നോവലേത് ?

A. സിദ്ധിയും സാധനയും
B. ടിപ്പു സുൽത്താൻ
C. കുരുക്ഷേത്ര യുദ്ധത്തിനപ്പുറം
D. ഇനി ഞാൻ ഉറങ്ങട്ടെ

താഴെ കൊടുത്തിരിക്കുന്ന കവിതാ ഭാഗം വായിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (16 മുതൽ 19 വരെ)

കിഴവനാണെങ്കിലുംമക്കൃഷിക്കാരൻ തൻ

വയലിൻവരമ്പത്തു വന്നിരിക്കും

മക്കളക്കണ്ടും കിളയ്ക്കുന്നതും നോക്കി

നട്ടുച്ചയോളം ചടഞ്ഞിരിക്കും

ചളിയിൽപ്പുരണ്ടവരുരുന്ന കാളതൻ

കളിയാട്ടം കണ്ടു ചൊടിച്ചിരിക്കും

ഞാറു പെണ്ണുങ്ങൾ നട്ടുമ്പോഴുമക്കരെ –

ച്ചേറിന്റെ ഗന്ധം ശ്വസിച്ചിരിക്കും

തെളിമയിൽക്കാളയും മക്കളും ചോലയിൽ–

ക്കുളികഴിഞ്ഞെത്തുവാൻ  കാത്തിരിക്കും

താനുമി മിച്ചേറ്റിൽപിരണ്ടുകൂത്താടിയ

കാലം മനസ്സിലെണീറ്റിരിക്കും

വാർദ്ധക്യംകൊണ്ടു വിറയ്ക്കുമച്ചുണ്ടത്തു

വാക്കുകളിങ്ങനെ വന്നിരിക്കും:

"തിന്നും കുടിച്ചും കളിച്ചുമിബ്ഭൂമിയിൽ

എന്നെന്നും കൂത്തടിക്കുന്ന നമ്മൾ "

16. കൃഷിക്കാരന്റെ മക്കൾ വയലിൽ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത് ?

A. വരമ്പത്ത് വന്നിരിക്കുക
B. കണ്ടം കിളയ്ക്കുക
C. ഞാറു നടുക
D. കുളിക്കുക

17. ഞാറു പെണ്ണുങ്ങൾ നടുമ്പോഴുമക്കരെ –

ച്ചേറിന്റെ ഗന്ധം ശ്വസിച്ചിരിക്കും.

അടിവരയിട്ട പദത്തിനു പകരം പ്രയോഗിക്കാവുന്ന പദമേത്?

A. വയൽ
B. ചോല
C. കർദമം
D. മണം

18. ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് കൃഷിയുമായി ബന്ധപ്പെട്ട ചൊല്ല് തിരിച്ചറിയുക

A. എലിയെ പേടിച്ച് ഇല്ലം ചുടുക
B. കണ്ടം വിറ്റ് കാളയെ വാങ്ങുമോ?
C. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
D. കൊല്ലുന്ന രാജാവിന് തിന്നുന്ന പ്രജ

19. 'നട്ടുച്ചയോളം' എന്ന പദം പിരിച്ചെഴുതിയാൽ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതായിരിക്കും ശരി ?

A. നട്ടുച്ച + യോളം
B. നട്ട് + ഉച്ചയോളം

C. നട്ടുച്ച + ഓളം

D. നട്ടു + ഉച്ചയോളം

20. ഒളപ്പമണ്ണയുടെ യഥാർത്ഥ പേര്?

A. ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്

B. ഒളപ്പമണ്ണ ഋഷികേശൻ നമ്പൂതിരി

C. ഒളപ്പമണ്ണ മാധവൻ നമ്പൂതിരിപ്പാട്

D. ഒളപ്പമണ്ണ ശങ്കരൻ നമ്പൂതിരിപ്പാട്

## ഉത്തര സൂചിക ( SET I )

**1. B** ആട്ടജീവിതം

**2. C** വാസനാവികൃതി

**3. B** അർദ്ധരാത്രിക്ക് കുടപിടിക്കുക

**4. B** എന്നെ അച്ഛനാണ് മലയാളം പഠിപ്പിച്ചത്.

**5. D** വൈക്കം മുഹമ്മദ് ബഷീർ (1908–1994)

**6. D.** കഥകളി എന്നു കേൾക്കുമ്പോൾ മറുനാട്ടുകാർക്ക് മറ്റൊരു നാട്ടുമല്ല ഓർമ്മയിൽ വരിക; കേരളം മാത്രമാണ്

**7. A** ശിങ്കിടിമുങ്കൻ, മരണത്തിന്റെ നിഴലിൽ , വിശ്വവിഖ്യാതതമായ മൂക്ക്

**8. B** വള്ളത്തോൾ നാരായണമേനോൻ

**9. C** ഹൈമവതഭൂവിൽ

**10. A** മഹാവാക്യം

**11. C** കുറഞ്ഞത് 1 ഖണ്ഡിക എങ്കിലും വേണം

**12. B** കുഞ്ഞേടത്തി

**13. A** ദേ സേ നതിങ്ങ് സ്റ്റെയ്സ് ദ് സെയിം

**14. C** മൈന ഉമ്മൈബാൻ

**15. D** ഇനി ഞാൻ ഉറങ്ങട്ടെ

**16. B** കണ്ഠം കിളയ്ക്കുക

**17. C** കർദമം

**18. A** കണ്ടം വിറ്റ് കാളയെ വാങ്ങുമോ?

**19. C.** നട്ടുച്ച + ഓളം

**20. C** ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്

## SET 2

1. നീണ്ട  നെടുവീർപ്പുകൊണ്ടുറക്കീട്ടു , ഞാൻ

   കണ്ടു കനത്ത കിനാവനേകം

   'നീണ്ട നെടുവീർപ്പ് '  എന്ന പ്രയോഗത്തിലൂടെ കവി സൂചിപ്പിക്കുന്നത് എന്ത്?

   A. അനുജന്റെ അഗാധവും ആർദ്രവുമായ സ്നേഹം
   B. മനസ്സിലെ വൈകാരിക ചിന്തകളെ അടക്കി ഒരു സമാശ്വാസത്തിലേക്ക് സ്വയം എത്തിപ്പെടുക
   C. വർത്തമാന കാല അനുഭവമാണ്
   D. സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ ശ്രമിക്കുന്നു.

2. കൂട്ടത്തിൽ ചേരാത്ത പദമേത്?

   A. വദനം
   B. വർഷം
   C. ആസ്യം

D. ആനനം

3. ദീപവിതാനം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

A. ദീപത്തിന്റെ വിതാനം
B. ദീപമായ വിതാനം
C. ദീപവും വിതാനവും
D. ദീപങ്ങളുടെ വിതാനം

4. " മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീനിങ്ങളെത്താൻ"

കുമാരനാശാന്റെ ഏതു കൃതിയിലേതാണ് ഈ വരികൾ?

A. നളിനി
B. ലീല
C. ദുഃരവസ്ഥ
D. ചണ്ഡാലഭിക്ഷുകി

5. സമാന സ്വഭാവങ്ങളുടെ പേരിൽ കൂട്ടംചേർന്ന് മറ്റുള്ളവരെ <u>ഉന്മൂലനം ചെയ്യാൻ</u> ചിലർ ശ്രമിക്കും.അടിയിൽ വരച്ചിരിക്കുന്ന പ്രയോഗത്തിന്റെ അർത്ഥം എന്ത് ?

A. പൂർണ്ണമായി നശിപ്പിക്കുക
B. കഴിവ് കെട്ടതാക്കുക
C. സന്തോഷിപ്പിക്കുക
D. സങ്കടപ്പെടുത്തുക

6. താഴെ പറയുന്നവയിൽ തകഴിയുടെ നാടകം ഏത് ?

A. തരകന്റെ മറിയാമ്മ
B. പാട്ടബാക്കി
C. തോറ്റില്ല

D. സീതാലക്ഷ്മി

7. 'ഓടുന്ന നായ്ക്ക് ഒരു മുഴം നീട്ടി എറിയുക' എന്ന ശൈലിയുടെ അർഥം എന്ത് ?

A. നായയുടെ മുൻപേ എറിയുക
B. മുൻകൂട്ടി കാണുക
C. വടി കൊടുത്ത് അടി വാങ്ങുക
D. നായയുടെ മുൻപേ ഓടുക

8. എൻ വി കൃഷ്ണവാര്യരുടെ പ്രശസ്തമായ രചനയാണ് 'ഗാന്ധിയും ഗോഡ്സെയും ' ഏതു വിഭാഗത്തിൽ ആണ് ഈ കൃതി ഉൾപ്പെടുന്നത് ?

A. ലേഖനം
B. കഥ
C. നാടകം
D. കവിത

9. താഴെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് സാഹിത്യകാരനെ കണ്ടെത്താമോ?

- മലപ്പുറം ജില്ലയിലെ ചമ്രവട്ടത്ത് ജനിച്ചു
- ശാസ്ത്രജ്ഞനായി ജോലി ചെയ്തു
- ' മുമ്പേ പറക്കുന്ന പക്ഷികൾ ' എന്ന നോവൽ രചിച്ചു
- കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ , എഴുത്തച്ഛൻ പുരസ്കാരം , വയലാർ അവാർഡ് , സഞ്ജയൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്

A. സി രാധാകൃഷ്ണൻ
B. പെരുമ്പടവം ശ്രീധരൻ
C. വൈലോപ്പിള്ളി ശ്രീധരമേനോൻ
D. എസ്.കെ പൊറ്റെക്കാട്ട്

10. വിഷ്ണു നാരായണൻ നമ്പൂതിരിയുടെ സമ്പൂർണ്ണ കൃതികളുടെ പേര് ?

A. വൈഷ്ണവം
B. യാതായാതം
C. ചാരുലത
D. ശ്രീവല്ലി

11. വേറിട്ടു നിൽക്കുന്ന വാക്യം ഏത്?

A. പൈങ്കിളി പാടുന്നതെന്താണ് ?
B. ഞാൻ സദസ്സിലേക്കു നോക്കി.
C. കൊച്ചമ്മയുടെ ഗർജനം എന്തായിരുന്നു ?
D. നിങ്ങളുടെ കൈയ്യിൽ എത്ര രൂപാ ഉണ്ട് ?

12. "നന്ദനാർ' എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ

A. അയ്യപ്പൻ
B. തിക്കോടിയൻ
C. പി.സി. കുട്ടികൃഷ്ണൻ
D. പി.സി. ഗോപാലൻ

13. ഗബ്രിയേൽ ഗാർസ്യ മാർക്വേസ് എന്ന എഴുത്തുകാരന് നൊബേൽ സമ്മാനം ലഭിച്ച കൃതിയാണ് .............

A. കോളറാകാലത്തെ പ്രണയം
B. പൈശാചിക നേരത്ത്
C. ഏകാന്തതയുടെ നൂറു വർഷങ്ങൾ
D. കുലപതിയുടെ ശരത്കാലം

14. തെറ്റായി എഴുതിയ ജോഡിയെ കണ്ടെത്തുക

A. മനുഷ്യന് ഒരു ആമുഖം – നോവൽ
B. ഓർമ്മയുടെ തീരങ്ങളിൽ – ആത്മകഥ
C. പാണ്ഡവപുരം – കവിത

D. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് – നാടകം

15. " ചോര തുടിക്കും ചെറുകൈയ്യുകളെ

പേറുക വന്നീ പന്തങ്ങൾ " ഈ വരികൾ ഏതു കവിയുടേതാണ് ?

A. പി.ഭാസ്കരൻ
B. വൈലോപ്പിള്ളി ശ്രീധരമേനോൻ
C. വയലാർ രാമവർമ്മ
D. ഒ. എൻ.വി. കുറുപ്പ്

കവിത വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(ചോദ്യം 16 മുതൽ 20 വരെ)

താപസമന്ത്രത്തിൻ തത്വപരീക്ഷയാം
പാപത്തിൽ പെട്ടുപോയ് പണ്ടു കുന്തി !
ഞാനതിൻമൂലമക്കന്യയ്ക്കു കാന്തനായ്;
കാനീനൻ കാശ്യപിസൂതജൻ നീ !
പെറ്റൊരു മാത്രയിൽ പേടിച്ചും നാണിച്ചും
കറ്റക്കിടാവിനെക്കന്യകയാൾ
രത്നാകരത്തിങ്കൽ ചേരേണ്ടതാവാമീ–
രത്നപ്രകാണ്ഡമെന്നോർത്തപോലെ
പൊങ്ങു തടികൊണ്ടു തീർത്തൊരു പെട്ടിയി–
ലങ്ങിട്ടു വേഗമടച്ചു പൂട്ടി
അശ്രുനദിയിലൊഴുക്കിനാളാദ്യമാ–
യശ്വനദിയിലോ പിന്നെയല്ലോ !
ചർമണ്വതിയും യമുനയും ഗംഗയും
ചമ്പാപുരിവരെ മാറി മാറി

വെൺനുരവൈരക്കൽക്കാപ്പണിഞ്ഞീടിന

തന്നലക്കൈകളാൽ ത്താങ്ങിത്താങ്ങി

എന്നിളം പൈതലിൻ മെയ്യൊളി മേൽക്കുമേൽ

പൊന്നിറം പൂശുമപ്പേടകത്തെ

കൊണ്ടുചെന്നപ്പുറം രാധയിൽ ചേർപ്പതു

കണ്ടേൻ ഞാൻ  ദൂരസ്ഥനന്യതന്ത്രൻ ".

16. കുന്തി തന്റെ കുഞ്ഞിനെ വഹിക്കുന്ന പെട്ടി ആദ്യം ഏതു നദിയിലാണ് ഒഴുക്കിയത് ?

A. അശ്വ നദി
B. അശ്രു നദി
C. ചർമണ്വതി
D. യമുന

17. "കൊണ്ടുചെന്നപ്പുറം രാധയിൽ ചേർപ്പതു

കണ്ടേൻ ഞാൻ ദൂരസ്ഥനന്യതന്ത്രൻ"

അടിവരയിട്ട പദം കൊണ്ട് വിശേഷിപ്പിക്കുന്നത് ആരേയാണ് ?

A. കർണൻ
B. കശ്യപൻ
C. സൂര്യൻ
D. ദുർവാസാവ്

18. കർണ്ണനെ ഇട്ട്  അടച്ചുപൂട്ടിയ പെട്ടി ആരുടെ അടുത്താണ് എത്തപ്പെട്ടത് ?

A. സൂര്യൻ
B. കുന്തി
C. കശ്യപൻ
D. രാധ

19. <u>രത്നാകര</u> ത്തിങ്കൽ ചേരേണ്ടതാവാമീ

രത്നപ്രകാണ്ഡമെന്നോർത്തപോലെ

അടിവരയിട്ട പദത്തിന്റെ അർത്ഥമെന്ത്?

A. സമുദ്രം
B. സ്വർണ്ണം
C. രത്നം
D. സ്വർഗ്ഗം

20."പൊന്നിറം"എന്ന പദം പിരിച്ചെഴുതിയാൽ താഴെ കൊടുത്തിരിക്കുന്നവയിൽ ഏതായിരിക്കും ശരി?

A. പൊൽ + നിറം
B. പൊൻ + നിറം
C. പൊന്ന് + നിറം
D. പൊ+ നിറം

## ഉത്തര സൂചിക ( SET II )

1.. മനസ്സിലെ വൈകാരിക ചിന്തകളെ അടക്കി ഒരു സമാശ്വാസത്തിലേക്ക് സ്വയം എത്തിപ്പെടുക

2. B വർഷം

3. D ദീപങ്ങളുടെ വിതാനം

4. C ദ്രവസ്ഥ

5. A പൂർണ്ണമായി നശിപ്പിക്കുക

6. C തോറ്റില്ല

7. B  മുൻകുട്ടി കാണുക

8. D  കവിത

9. A  സി രാധാകൃഷ്ണൻ

10. A  വൈഷ്ണവം

11. B  ഞാൻ സദസ്സിലേക്കു നോക്കി

12. D  പി.സി. ഗോപാലൻ

13. C  ഏകാന്തതയുടെ നൂറു വർഷങ്ങൾ

14. C  പാണ്ഡവപുരം – കവിത

15. B  വൈലോപ്പിള്ളി ശ്രീധരമേനോൻ

16. B  അശ്രു നദി

17. C  സൂര്യൻ

18. D  രാധ

19. A  സമുദ്രം

20. B  പൊൻ + നിറം

## SET 3

1 വിപ്ലവത്തിൻറെ ശുക്രനക്ഷത്രം എന്ന് കുമാരനാശാനെ വിശേഷിപ്പിച്ച ഗ്രന്ഥകാരൻ ആര് ?

A. സി രാധാകൃഷ്ണൻ
B. അഴീക്കോട്
C. ജോസഫ് മുണ്ടശ്ശേരി
D. എം മുകുന്ദൻ

2 "ഗോര" എന്ന കഥാപാത്രത്തെ സൃഷ്ടിച്ച സാഹിത്യകാരൻ ആര്

A. ടാഗോർ
B. ഉള്ളൂർ
C. മാധവിക്കുട്ടി
D. ഗുപ്തൻ നായർ

3 താഴെ തന്നിരിക്കുന്നവയിൽ തെറ്റായ ജോഡി ഏത്?

A. അശ്വതി –പ്രകാശംപരത്തുന്ന പെൺകുട്ടി
B. പോക്കറ്റടിക്കാരൻ– ഒരു മനുഷ്യൻ
C. സൂര്യ നമ്പൂതിരിപ്പാട്– മാർത്താണ്ഡവർമ്മ
D. പപ്പ –ഓടയിൽ നിന്ന്

4 മലയാളഭാഷയ്ക്ക് ഏറെ സംഭാവനകൾ നൽകിയ ചെറുശ്ശേരി ,എഴുത്തച്ഛൻ , കുഞ്ചൻനമ്പ്യാർ എന്നിവർ ഏതു പേരിൽ അറിയപ്പെടുന്നു?

A. നവരത്നങ്ങൾ
B. കവിത്രയം
C. കവി കേസരികൾ
D. കവിപുഷ്പമാല

5 അഭൗമം എന്ന വാക്കിനർത്ഥം

A. ഭൂമിയെ സംബന്ധിച്ചത്
B. ഭൂമിയെ സംബന്ധിച്ച് അല്ലാത്തത്
C. വിവരിക്കാനാവാത്തത്
D. ഭംഗിയേറിയത്

6 ഉണ്മ എന്നവാക്ക് പിരിച്ചെഴുതിയാൽ

A. ഉൺ + മ
B. ഉൾ + മ
C. ഉ+ൺമ
D. ഉൻ + മ

7. "പ്രഭ" എന്ന തൂലിക നാമം ഉപയോഗിച്ചിരുന്ന എഴുത്തുകാരൻ

A. തകഴി
B. ബഷീർ
C. സി രാധാകൃഷ്ണൻ
D. വി ടി ഭട്ടതിരിപ്പാട്

8 “സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും" . ഇവിടെ കവി ആരോടൊപ്പമാണ് ?

A. തത്വശാസ്ത്രത്തോടൊപ്പം
B. നോവുമാത്മാവിനോടൊപ്പം
C. സ്നേഹത്തോടൊപ്പം
D. ശാസ്ത്രത്തോടൊപ്പം

9. കൊച്ചനുജൻ എന്ന ഇടശ്ശേരി ക്കവിതയിലെ കന്മതിലിന്മേ ൽകളം

നിറഞ്ഞോരുനാൾ അമ്പലപ്രാവുകൾ എന്നപോലെ.

അടിവരയിട്ട പദം സൂചിപ്പിക്കുന്നത് ആരെയാണ്?

A. കൊച്ചനുജന് കൂട്ടുകാരെ
B. പക്ഷികളെ
C. ചേച്ചിയുടെ കൂട്ടുകാരെ
D. വരന്റെ വീട്ടുകാരെ

10 ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ

അനീതിയോടെതിർപ്പിൻ

ഈ പ്രശസ്തമായ വരികൾ ആരുടേതാണ് ?

A. വാഗ്ഭടാനന്ദ ഗുരുദേവൻ
B. ശ്രീനാരായണ ഗുരു
C. അയ്യങ്കാളി
D. ആനന്ദതീർത്ഥ

11 ശരിയായ പദം ഏത്

A. അജ്ഞാതം
B. അജ്ഞ്ഞാതം
C. അഞ്ഞാതം
D. അജ്ജാതം

12 ആത്മകഥ അല്ലാത്ത കൃതി ഏത് ?

A. കഴിഞ്ഞ കാലം
B. കൊഴിഞ്ഞ ഇലകൾ
C. പരൽമീൻനീന്തുന്നപാടം
D. ജീവിതനിഴൽപ്പാടുകൾ

13. “ഉണ്ട ചോറിൽ കല്ലിടുക” എന്ന ശൈലി അർത്ഥമാക്കുന്നത്

A. നന്ദി കേട്കാണിക്കുക
B. തീർത്തു പറയുക
C. ലക്ഷ്യം സാധിക്കുക
D. കഴിക്കുന്ന ചോറിൽ കല്ലിടുക

14 ചുവടെ തന്നിരിക്കുന്നവയിൽ അക്ഷരമാല ക്രമം പാലിച്ച് എഴുതിയ കൂട്ടം ഏത് ?

A. കഥാതന്തു , കന്യാദാനം , കരയോഗം,കവർച്ച
B. കരയോഗം, കവർച്ച, കഥാതന്തു ,കന്യാദാനം
C. കഥാതന്തു,കരയോഗം,,കവർച്ച , കന്യാദാനം
D. കവർച്ച,കരയോഗം, കഥാതന്തു, കന്യാദാനം

15 കാക്കനാടൻ എന്ന തൂലികാനാമം ആരുടേതാണ്

A. ജോർജ് വർഗീസ്
B. പി വി അയ്യപ്പൻ
C. സക്കറിയ
D. എം കെ മേനോൻ

16 ലോക പുസ്തക ദിനം എന്ന്

A. ഏപ്രിൽ 19
B. മാർച്ച് 21
C. ഏപ്രിൽ 21
D. ഏപ്രിൽ 23

17 രാമായണത്തിന്റെ തമിഴ് രൂപം

A. രാമചരിതമാനസം
B. അദ്ധ്യാത്മരാമായണം
C. കമ്പരാമായണം
D. മഹാഭാരതം

18. തെറ്റായ ജോഡി യേത്?

A. വിപ്ലവകവി – വയലാർ

B. ഋതുക്കളുടെ കവി ചെറുശ്ശേരി

C. ഭക്ത കവി പൂന്താനം

D. കുട്ടനാടിന്റെ കവി – അക്കിത്തം

19 കേരള ചരിത്രത്തെ അടിസ്ഥാനമാക്കി ഉള്ളൂർ രചിച്ച കൃതി

A. കേരളപാണിനീയം

B. കേശവീയം

C. ഉമാകേരളം

D. ശാകുന്തളം

20 യുനസ്കോ ലോകപൈതൃക പട്ടികയിൽ പെടുത്തിയ കേരളത്തിന്റെ കലാരൂപം

A. ഓട്ടൻതുള്ളൽ

B. കഥകളി

C. പടയണി

D. മുടിയേറ്റ്

## ഉത്തര സൂചിക ( SET III )

1. C ജോസഫ് മുണ്ടശ്ശേരി

2. A ടാഗോർ

3. C. സൂര്യ നമ്പൂതിരിപ്പാട്– മാർത്താണ്ഡവർമ്മ

4. B കവിത്രയം

5. B ഭൂമിയെ സംബന്ധിച്ച് അല്ലാത്തത്

6. B ഉൾ + മ

7. B. ബഷീർ

8. B. നോവുമാത്മാവിനോടൊപ്പം

9. D. വരന്റെ വീട്ടുകാരെ

10 .A വാഗ്ഭടാനന്ദ ഗുരുദേവൻ

11. B അജ്ഞാതം

12. D. ജീവിതനിഴൽപ്പാട്ടുകൾ

13. A. നന്ദി കേട്കാണിക്കുക

14. A. കഥാതന്തു , കന്യാദാനം , കരയോഗം,കവർച്ച

15. A ജോർജ് വർഗീസ്

16. D. ഏപ്രിൽ 23

17. C. കമ്പരാമായണം

18. D. കുട്ടനാടിന്റെ കവി – അക്കിത്തം

19. C. ഉമാകേരളം

20. D. മുടിയേറ്റ്

## SET IV

1. കൂട്ടത്തിൽ പെടാത്തത് ഏത്?

A. ക്ഷ
B. ത്സ
C. ത്ധ
D. ശ്ച

2. രചനാ കാലത്തിനനുസരിച്ച് ക്രമീകരിച്ചാൽ താഴെപ്പറയുന്നവയിൽ ശരിയേത്?

A. കൃഷ്ണഗാഥ, വീണപൂവ്, രണ്ടാമൂഴം, മനുഷ്യന് ഒരു ആമുഖം

B. വീണപൂവ്, കൃഷ്ണഗാഥ, രണ്ടാമൂഴം, മനുഷ്യനൊരാമുഖം
C. കൃഷ്ണഗാഥ, രണ്ടാമൂഴം, വീണ പൂവ്, മനുഷ്യനൊരാമുഖം.
D. രണ്ടാമൂഴം, കൃഷ്ണഗാഥ, വീണ പൂവ്, മനുഷ്യന് ഒരു ആമുഖം.

3. 'കേളി കൊട്ടുക ' എന്ന ശൈലിയുടെ ആശയം?

A. ഉണരുക
B. ചെണ്ടകൊട്ടുക
C. അവസാനിപ്പിക്കുക
D. ആരംഭം കുറിക്കുക.

4. പാദ പങ്കജം വിഗ്രഹിച്ചാൽ

A. പാദത്തിന്റെ പങ്കജം
B. പങ്കജം പോലുള്ള പാദം
C. പാദമാകുന്ന പങ്കജം
D. പാദം പോലുള്ള പങ്കജം

5 ക്ലാസ്സിക്കൽ പദവി ലഭിച്ച ആദ്യ ഭാഷ

A. മലയാളം
B. തമിഴ്
C. സംസ്കൃതം
D. കന്നട

6. പൂങ്കുല പിരിച്ചെഴുതിയാൽ

A. പൂ+ കുല
B. പൂം + കുല
C. പൂവ് + കുല
D. പൂക്കൾ + കുല

7. സൂചനകളിൽ നിന്ന് സാഹിത്യകാരനെ കണ്ടെത്താമോ?

- കുറ്റിപ്പുറത്ത് ജനിച്ചു.
- വക്കീൽ ഗുമസ്തനായി ജോലി നോക്കി
- ശക്തിയുടെ കവി എന്നറിയപ്പെട്ടു.
- കാവിലെ പാട്ട് എന്ന കൃതി രചിച്ചു.

A. വൈലോപ്പിള്ളി

B. ചങ്ങമ്പുഴ

C. പി.കുഞ്ഞിരാമൻ നായർ

D. ഇടശ്ശേരി ഗോവിന്ദൻ നായർ

8 'അരങ്ങുണരുന്നു' എന്ന പാഠ ഭാഗത്ത് 'മുൻവാതിൽ വെറുതേ ചാരിയേക്കും' എന്ന കാഴ്ചപ്പാടിന്റെ സവിശേഷത?

A. വാതിൽ ചാരി നിൽക്കുക

B. പൂട്ടാതെ പോകുക.

C. ഗ്രാമത്തിലെ ജനങ്ങൾക്കിടയിലെ പരസ്പര വിശ്വാസം.

D. വാതിൽ കുറച്ച് അടയ്ക്കും.

9 ചുവടെനൽകിയിരിക്കുന്നവയിൽ അക്ഷരമാലാക്രമത്തിൽ എഴുതിയിരിക്കുന്നത്?

A. മോതം / മോദകം/ മോന്തായം/ മോഞ്ഞുക.

B. മൂത്താശ്ശാരി/ മുതിര/ മൂപ്പൻ/മൂല

C. ഭാർഗ്ഗവൻ/ഭാര്യ/ഭാവരൂപം/ ഭാരതി

D. ഫലിതം/ഫലപ്രാപ്തി / ഫയൽവാൻ/ഫണം.

10. സപ്തസ്വരം എന്ന കവിത എഴുതിയതാര്?

A. ജി കുമാരപിള്ള

B. ജി.ശങ്കരക്കുറുപ്പ്

C. ജി.ശങ്കരപ്പിള്ള

D. ഇടശ്ശേരി

11. എണ്ണിച്ചുട്ട അപ്പം എന്ന പുസ്തകം ഏതു വിഭാഗത്തിൽ പെടുന്നു?

A. കഥ

B. കവിത

C. നാടകം

D. നോവൽ

12. ശരിയായ പദം ഏത്?

A. കണ്ഠം

B. നിച്ചലം

C. ഖഡ്കം

D. നിഷ്ക്കരുണം

13. ഒറ്റയാൻ ആര്?

A. നാരി

B. നരി

C. മാനിനി

D. വനിത

14. ഭാരതപര്യടനം എന്ന കൃതി ഏതു സാഹിത്യ വിഭാഗത്തിൽ പെടുന്നു ?

A. സഞ്ചാരസാഹിത്യം
B. നിരൂപണം
C. ചെറുകഥ
D. ഉപന്യാസം

15. 2019 ലെ വയലാർ അവാർഡ് നേടിയ ' നിരീശ്വരൻ' എന്ന കൃതി എഴുതിയത്.?

A. വി . ജെ. ജയിംസ്
B. കെ.ആർ.മീര
C. എം.മുകുന്ദൻ
D. ആനന്ദ്

16. തെറ്റായ ജോഡി ?

A. കേരള ഓർഫ്യൂസ് – ചങ്ങമ്പുഴ
B. കേരള മോപ്പസാങ്ങ് – ബഷീർ
C. കേരള സ്കോട്ട് – സി.വി. രാമൻ പിള്ള.
D. കേരള പാണിനി – എ.ആർ. രാജരാജവർമ്മ

17. 'അ' എന്ന അക്ഷരം വേറിട്ട അർത്ഥത്തിൽ ചേർത്ത് ഉപയോഗിച്ചിരിക്കുന്ന പദം?

A. അധർമം
B. അനിയത്തി
C. അശാന്തി

D. അനീതി

18. താഴെ പറയുന്നവയിൽ ഏതിലാണ് കലാമണ്ഡലം ഹൈദരലി പ്രശസ്തനായത്?

A. ഓട്ടൻ തുള്ളൽ

B. കഥകളി സംഗീതം

C. കർണാടക സംഗീതം.

D. കൂടിയാട്ടം.

19 താഴെപ്പറയുന്ന വി.കെ.എൻ കഥകളിൽ കുഞ്ഞൻ മേനോൻ കഥാപാത്രമാകാത്ത കഥ ഏത്?

A. ഗജപരാക്രമം.

B. രൗദ്രഭീമൻ

C. കോപശാന്തി

D. സിൻഡിക്കേറ്റ്

20 മറ്റെങ്ങും കാണാത്തത് എന്നർത്ഥം വരുന്ന വാക്ക്?

A. അനന്യം

B. അന്യാദൃശം

C. അനുപമം

D. അനശ്വരം

## ഉത്തര സൂചിക ( SET IV )

1. C ഝ

2. C കൃഷ്ണഗാഥ, രണ്ടാമൂഴം, വീണ പൂവ്, മനുഷ്യനൊരാമുഖം

3. D ആരംഭം കുറിക്കുക

4. C. പാദമാകുന്ന പങ്കജം

5. B. തമിഴ്

6. B.പൂം + കുല

7. D. ഇടശ്ശേരി ഗോവിന്ദൻ നായർ

8. C. ഗ്രാമത്തിലെ ജനങ്ങൾക്കിടയിലെ പരസ്പര വിശ്വാസം.

9. A മോതം / മോദകം/ മോന്തായം/ മോന്തുക

10. A. ജി കുമാരപിള്ള

11. C. നാടകം

12. A കണ്ഠം

13. B. നരി

14. B. നിരൂപണം

15. A. വി . ജെ. ജയിംസ്

16. B കേരള മോപ്പസാങ്ങ് – ബഷീർ

17. B. അനിയത്തി

18.B. കഥകളി സംഗീതം

19. D. സിൻഡിക്കേറ്റ്.

20. B. അന്യാദൃശം

## SET V

1. താഴെപ്പറയുന്ന പ്രസ്താവനകൾ ഏത് അവാർഡുമായി ബന്ധപ്പെട്ടതാണ്?

- സംസ്ഥാന സർക്കാരിന്റെ പരമോന്നത സാഹിത്യപുരസ്കാരം
- 1993 ൽ ഏർപ്പെട്ടുത്തി
- ആദ്യ ജേതാവ് ശൂരനാട് കുഞ്ഞൻപിള്ള
- അവാർഡ് 5 ലക്ഷം രൂപ

A. വയലാർ അവാർഡ്

B. ഓടക്കുഴൽ അവാർഡ്

C. എഴുത്തച്ഛൻ പുരസ്കാരം

D. വള്ളത്തോൾ പുരസ്കാരം

2 താഴെ തന്നിരിക്കുന്നവയിൽ വേറിട്ടു നിൽക്കുന്ന ക്രിയ ഏത്?

A. ഉറക്കുക

B. ചാടിക്കുക

C. ചിരിക്കുക

D. ഓടിക്കുക.

3. നിഷ്ക്രമിക്കുക എന്ന പദത്തിന്റെ അർത്ഥം?

A. സ്വസ്ഥമായിരിക്കുക

B. ആക്രമിക്കുക

C. അകത്തുവരിക

D. പുറത്തേക്കു പോകുക.

4. മലയാളത്തിലെ നവീന കവിതയുടെ ആചാര്യൻ

A. അയ്യപ്പപണിക്കർ

B. ഇടശ്ശേരി

C. ഒ എൻ.വി

D. കടമ്മനിട്ട

5. ശരിയായ വാക്യം ഏത്

A. ഉള്ളിൽ വൈരമുണ്ടായിരുന്നെങ്കിലും പുറമേ അവർ സ്നേഹം നടിച്ചു.

B. പണ്ടു കാലത്ത് കൊരട്ടിയാറ് എന്നറിയപ്പെടുന്ന മണിമലയാറ് പുരാതന കാലത്ത് 'കൊക്ക' എന്ന പേരിൽ ഒരു തോടായിരുന്നു.

C. എത്ര ശ്രമിച്ചാലും യാഥാർത്ഥ്യം മറയ്ക്കപ്പെടുകയില്ല.

D. ദരിദ്രരുടേയും പാവപ്പെട്ടവരുടേയും കഷ്ടപ്പാടറിഞ്ഞ് പരിഹരിക്കാൻ ഉത്തരവാദിത്വപ്പെട്ട സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടു വരണം.

6. കൂട്ടത്തിൽ പെടാത്തത് ഏത് ?

A. തുള്ളി +ചാടി

B. മുത്ത് + അണിഞ്ഞു

C. നാമ്പ് + ഉണരുന്നു

D. നിശ്ചലം + മായൊരു

7. ടി.പത്മനാഭന്റെ 'അശ്വതി' എന്ന കഥയിൽ അശ്വതിയ്ക്ക് 'പറിച്ചു നട്ട തിനു ശേഷം വെള്ളം കിത്തട്ടതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യത ഉണ്ടായിരുന്നു.' എന്ന വർണനയുടെ ആശയം എന്ത് ?

A. അശ്വതിയ്ക്ക് ഉണങ്ങിയ ചെടിയുടെ രൂപമായിരുന്നു.

B. അശ്വതിയ്ക്ക്  കടുത്ത ദാഹമുണ്ടായിരുന്നു.

C. അശ്വതി അന്യദേശത്തു നിന്ന് ഇവിടെ വന്ന് താമസം തുടങ്ങിയതാണ്.

D. പറിച്ചു നടുന്ന ചെടികൾ പെട്ടന്നു വാടിപ്പോകും

8 പഞ്ചവാദ്യങ്ങളിൽ പെടാത്തത് ഏത്?

A. മദ്ദളം

B. ഇടയ്ക്ക

C. ഇലത്താളം

D. ചെണ്ട

9. 'ഇവ്വണ്ണം' എങ്ങനെ പിരിച്ചു പറയും

A. ഇ+ വണ്ണം

B. ഇവ + മണ്ണം

C. ഈ +വണ്ണം

D. ഇവ്വ+ ണ്ണം

10. കൂട്ടത്തിൽ പെടാത്ത കൃതി?

A. ചാലിയത്തി

B. കൂട്ടുകൃഷി

C. കാവിലെ പാട്ട്

D. എണ്ണിച്ചുട്ട അപ്പം

11. മലയാളത്തിലെ ആദ്യത്തെ ചരിത്രനാടകം?

A. മാർത്താണ്ഡവർമ്മ

B. സീതാലക്ഷ്മി

C. ധർമ്മരാജ്ജ

D. രാമരാജ ബഹദൂർ

12. ആധുനിക മലയാള വ്യകരണത്തിന്റെ അടിസ്ഥാന ഗ്രന്ഥം?

A. കേരള പാണിനീയം.

B. മലയവിലാസം

C. വ്യാകരണമിത്ര

D. ശബ്ദതാരാവലി

13. മനസാസ്മരാമി ആരുടെ ആത്മകഥയാണ്?

A. എസ്. ഗുപ്തൻ നായർ

B. എൻ.എൻ. പിള്ള

C. തിക്കോടിയൻ

D. തകഴി

14. വിലാസിനി എന്ന തൂലികാനാമം ആരുടേതാണ്

A. പി.സി. കുട്ടികൃഷ്ണൻ

B. ഇ.വി. അയ്യപ്പൻ

C. എം.കെ. മേനോൻ

D. ഇ.വി. കൃഷ്ണ പിള്ള

15 ഒറ്റയാനാര്

A. സാഗരം

B. സമുദ്രം

C. സലിലം

D. കടൽ

16. നാന്ദി കുറിക്കുക എന്ന ശൈലിയുടെ അർത്ഥം

A. നന്ദി പ്രകടിപ്പിക്കുക

B. തുടക്കം കുറിക്കുക

C. അവസാനിപ്പിക്കുക

D. മടി തോന്നുക

**കവിത വായിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** ?

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവച്ചും

സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും

പള്ളി കൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെ കാത്തു

കൊള്ളുന്നു , കുമാരിയും ഗോകർണേശനു മമ്മേ

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ

വന്ദിപ്പിനു പാസ്യരായുള്ളോർക്കുമുപസ്യയെ !

ആഴിവീചികളനുവേലം, വെൺനു രകളാൽ–

തോഴികൾ പോലെ തവചാരുതൃ തൃപ്പാദങ്ങളിൽ

ത്തുവെള്ളിച്ചിലമ്പുകളിട്ടുവിക്കുന്നു; തൃപ്തിവരാഞ്ഞഴിക്കുന്നു പിന്നെയും തുടരുന്നു !

17. കവിതയിൽ ആരെക്കുറിച്ചാണ് പരാമർശിക്കുന്നത്?

A. സഹ്യനെക്കുറിച്ച്

B. കേരളത്തെക്കുറിച്ച്

C. കടലിനെ കുറിച്ച്

D. അമ്മയെക്കുറിച്ച്

18. അമ്മയുടെ തോഴിമാരായി സങ്കൽപ്പിച്ചിരിക്കുന്നതാരെയാണ്?

A. സഹ്യനിരകളെ

B. കന്യാകുമാരി

C. ഗോകർണത്തെ

D. ആഴി വീചികളെ

19 ഈ കവിതയെഴുതിയതാര്?

A. ചങ്ങമ്പുഴ

B. വള്ളത്തോൾ

C. ആശാൻ

D. ഉള്ളൂർ

20.താഴെ പറയുന്നവയിൽ സമുദ്രം എന്ന അർത്ഥത്തിൽ കവിതയിൽ

പ്രയോഗിച്ചിരിക്കുന്ന വാക്ക് ഏത്?

A. അബ്ധി

B. പാർശ്വ യുഗ്മം

C. ഉപാസ്യർ

D. വീചി

## ഉത്തര സൂചിക ( SET V )

1. C. എഴുത്തച്ഛൻ പുരസ്കാരം

2. C. ചിരിക്കുക

3. D. പുറത്തേക്കു പോകുക.

4. B. ഇടശ്ശേരി

5. C. എത്ര ശ്രമിച്ചാലും യാഥാർത്ഥ്യം മറയ്ക്കപ്പെടുകയില്ല

6. D. നിശ്ചലം + മായൊരു

7. C. അശ്വതി അന്യദേശത്ത് നിന്ന് ഇവിടെ വന്ന് താമസം തുടങ്ങിയതാണ്.

8. D. ചെണ്ട

9. A ഇ+ വണ്ണം

10. C. കാവിലെ പാട്ട്

11. B. സീതാലക്ഷ്മി

12. A. കേരള പാണിനീയം

13. A എസ്. ഗുപ്തൻ നായർ

14. C. എം.കെ. മേനോൻ

15. C. സലിലം

16. B. തുടക്കം കുറിക്കുക

17. B. കേരളത്തെക്കുറിച്ച്

18. D. ആഴി

19. B. വള്ളത്തോൾ

20. A. അബ്ധി